**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3344 — **22.08.2017-ൽ മറുപടിക്ക്**

**തസ്തികമാറ്റ നിയമനങ്ങൾ**

| ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ്.പി | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | നിലവിൽ ഗസറ്റഡ് ഉൾപ്പെടെയുള്ള ഏതെല്ലാം തസ്തികകളിലാണ് തസ്തിക മാറ്റ നിയമനങ്ങൾ നടത്തുന്നത്; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പി.എസ്.സി. വഴി നടത്തുന്ന തസ്തിക മാറ്റ നിയമനങ്ങളിൽ സാമുദായിക സംവരണം പാലിക്കാറുണ്ടോ; എങ്കിൽ എങ്ങനെയെന്നും ഇതിനായി പിന്തുടരുന്ന റൊട്ടേഷൻ ചാർട്ട് ഏതെന്നും വ്യക്തമാക്കുമോ; | (ബി), (സി) & (ഡി) | തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണ ചട്ടങ്ങൾ ബാധകമാക്കിയിട്ടില്ല. |
| (സി) | നിലവിൽ ഏതെല്ലാം ഗസറ്റഡ് തസ്തികകളിലെ തസ്തിക മാറ്റ നിയമനങ്ങൾക്കാണ് സാമുദായിക സംവരണം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | | |
| (ഡി) | ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനത്തിലെ തസ്തിക മാറ്റ നിയമനത്തിന് സാമുദായിക സംവരണം പാലിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| (ഇ) | പുതുതായി രൂപീകരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ തസ്തിക മാറ്റ നിയമനങ്ങൾക്ക് സാമുദായിക സംവരണത്തിന് കരട് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (ഇ) & (എഫ്) | 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണം സംബന്ധിച്ച ചട്ടങ്ങൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നേരിട്ടുള്ള നിയമനങ്ങൾക്ക് ബാധകമായിരിക്കും എന്ന് കരട് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (എഫ്) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ ആദ്യ ഗസറ്റഡ് തസ്തികയിലേക്കുള്ള നിയമനത്തിന് സാമുദായിക സംവരണാനുകൂല്യം ലഭ്യമാകുമോ വിശദാംശം വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ